# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 771 13.6.2012-ൽ മറുപടിയ്ക്ക്

### നാട്ടികയിലെ ജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. പി.ജെ ജോസഫ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) നാട്ടിക നിയോജക മണ്ഡലത്തിൽ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | നാട്ടിക നിയോജക മണ്ഡലത്തിൽ നിലവിൽ 3 ജലവിതരണ പദ്ധതികളാണുളളത്.<br>1. നാട്ടിക ഫിർക്ക സമഗ്ര കടിവെള്ള പദ്ധതി<br>ഈ പദ്ധതിയുടെ കീഴിൽ 10 പഞ്ചായത്തുകളിലായി 80924 കുടുംബങ്ങളിൽ 401862 അംഗങ്ങൾ ഉണ്ട്. 13772 ഗാർഹിക കണക്ഷനുകളും 349 ഗാർഹികേതര കണക്ഷനുകളും 6 വ്യാവസായിക കണക്ഷനുകളും 3925 പൊതു ടാപ്പുകളും നിലവിലുണ്ട്.<br>2. ഊരകത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള SPAN പദ്ധതി.<br>പമ്പ് സെറ്റ് സ്ഥാപിക്കൽ, പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ മെയിൻ, വിതരണ ശൃംഖല എന്നിവയുടെ പണി പൂർത്തിയായി.ട്രാൻസ് ഫോർമറിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ടാങ്ക് പണി പുരോഗമിക്കുന്നു. 18 mld ജല ശുദ്ധീകരണ ശാലയുടെ പണി 90 % പൂർത്തിയായി.<br>3. ചേർപ്പ് മരത്താക്കര കുടിവെള്ള പദ്ധതി.<br>18 mld ജല ശുദ്ധീകരണ ശാലയുടെ പണി 90 % പൂർത്തിയായി. വിതരണ |

| | | |
|---|---|---|
| | | ശൃംഖലയുടെ പൈപ്പിടുന്ന പ്രവർത്തി നടന്നുവരുന്നു. NH 47-ൽ പൈപ്പിടുന്നതിനായി റോഡ് വെട്ടിപ്പൊളിക്കുന്നതിനുളള അനുമതി NHAI-ൽ നിന്നും ലഭ്യമാകുവാനുണ്ട്. വല്ലിച്ചിറ പഞ്ചായത്തിൽ പൈപ്പ് ഇടുന്നതിനുളള അനുമതി പഞ്ചായത്തിൽ നിന്നും ലഭിക്കുവാനുണ്ട്. |
| ബി | പ്രസ്തുത മണ്ഡലത്തിൽ പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ